# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2015 ഡിസംബർ 03, വ്യാഴം

നിയമസഭ രാവിലെ 08.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എൻ. ശക്തന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

(ചോദ്യോത്തരവേള ആരംഭിച്ചപ്പോൾ മുഖ്യമന്ത്രിയും മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രിയും രാജിവയ്ക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള ബാനറുകളും പ്ലക്കാർഡുകളും പിടിച്ചുകൊണ്ട് എഴുന്നേറ്റുനിന്ന് മുദ്രാവാക്യം വിളിച്ച് ബഹളം വച്ചുകൊണ്ടിരുന്ന പ്രതിപക്ഷാംഗങ്ങൾ ബഹുമാനപ്പെട്ട സ്പീക്കറുടെ നിർദ്ദേശമനുസരിച്ച് നിശബ്ദരാകുകയും സ്വസ്ഥാനങ്ങളിൽ ഉപവിഷ്ടരാകുകയും ചെയ്തു.)

8 (*91) നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധനവ്

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്) നൽകിയ മറുപടിയിൽ, നിത്യോപയോഗ

സാധനങ്ങളുടെ വിലവർദ്ധനവ് തടയുന്നതിനുവേണ്ടി സർക്കാർ പൊതുവിപണിയിൽ ഫലപ്രദമായി ഇടപെടുന്നുണ്ടെന്നും ഇതിനായി സിവിൽ സപ്ലൈസ് കോർപ്പറേഷന് ബഡ്ജറ്റ് വിഹിതത്തിൽ നിന്നുള്ള 64 കോടി രൂപയ്ക്കു പുറമെ 35 കോടി രൂപ അധികമായി അനുവദിച്ചിട്ടുണ്ടെന്നും സഭയെ അറിയിച്ചു.

ഈ സർക്കാർ അധികാരമേറ്റശേഷം സപ്ലൈകോയുടെ 224 ഔട്ട്ലെറ്റുകൾ ആരംഭിച്ചിട്ടുണ്ട്; 39 പഞ്ചായത്തുകളിൽക്കൂടി ആരംഭിക്കുന്നതാണ്. പൊതുവിപണിയെക്കാൾ 18 മുതൽ 62 ശതമാനംവരെ വിലക്കുറവിലാണ് സപ്ലൈകോയിലൂടെ സാധനങ്ങൾ വിൽക്കുന്നതെന്നും വിറ്റുവരവിൽ വർദ്ധനവുണ്ടായിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. വ്യാപാരികളുമായി ചർച്ചകൾ നടത്തുകയും റെയ്ഡുകൾ കർശനമാക്കുകയും സപ്ലൈകോ ഔട്ട്ലെറ്റുകളിൽ ലഭ്യത ഉറപ്പാക്കുകയും ചെയ്തതിലൂടെ പരിപ്പുവർഗ്ഗങ്ങളുടെ പൂഴ്ത്തിവയ്പ് തടയുന്നതിനും പൊതുവിപണിയിൽ ഇവയ്ക്ക് നേരിയ വിലക്കുറവുണ്ടാക്കാനും സാധിച്ചു. പൊതുവിതരണ കേന്ദ്രങ്ങൾവഴി പതിമൂന്ന് സബ്സിഡി സാധനങ്ങൾ വിതരണം ചെയ്യുന്നുണ്ടെന്നും പരാതികൾ പരിഹരിക്കുന്നതിനായി മാവേലി സ്റ്റോറുകളിൽ ഉപഭോക്തൃ സമിതികൾക്ക് രൂപം നൽകിയിട്ടുണ്ടെന്നും സിവിൽ സപ്ലൈസ് വകുപ്പിൽ ഇ-ടെണ്ടർ സംവിധാനം നിലനിൽക്കുന്നുണ്ടെന്നും മന്ത്രി വ്യക്തമാക്കി. കേന്ദ്രവിഹിതം പുന:സ്ഥാപിച്ചതിലൂടെ എ.പി.എൽ./ബി.പി.എൽ. വിഭാഗക്കാർക്ക് കൃത്യമായ അളവിൽ അരിയും ഗോതമ്പും വിതരണം ചെയ്യാൻ സാധിക്കുന്നുണ്ടെന്നും അട്ടപ്പാടി മേഖലയിലെ റേഷൻ കടകളുടെ പ്രവർത്തനം

മോണിറ്റർ ചെയ്യുന്നുണ്ടെന്നും മാർച്ച് മാസത്തോടുകൂടി ഭക്ഷ്യസുരക്ഷാ നിയമത്തിനനുസൃതമായ പുതിയ റേഷൻ കാർഡുകൾ വിതരണം ചെയ്യുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

9 (*92) <u>സ്പെഷ്യൽ സ്കൂളുകൾക്ക് എയ്ഡഡ് പദവി</u>

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്) നൽകിയ മറുപടിയിൽ, ആദ്യമായി നൂറിലധികം വിദ്യാർത്ഥികളുള്ളതും രണ്ടാംഘട്ടമായി അമ്പതിലധികം വിദ്യാർത്ഥികളുള്ളതുമായ ബഡ്സ് സ്കൂളുകൾ ഉൾപ്പെടെ മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾ പഠിക്കുന്ന സ്പെഷ്യൽ സ്കൂളുകൾക്ക് വ്യവസ്ഥകൾക്ക് വിധേയമായി എയ്ഡഡ് പദവി നൽകുന്നതിന് ഉത്തരവായിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. തുടർനടപടി സംബന്ധിച്ച് വിശദമായ പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത സ്കൂളുകളെ എയ്ഡഡ് പദവിയിലേയ്ക്ക് ഉയർത്തുന്നത് സംബന്ധിച്ച് പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി രൂപീകരിച്ച മൂന്നംഗ കമ്മിറ്റി പരാമർശിത വിഷയങ്ങൾ ബന്ധപ്പെട്ടവരുമായി ചർച്ച നടത്തി സമർപ്പിച്ച ശിപാർശകൾ ഭേദഗതികളോടെ 06.05.2015-ലെ മന്ത്രിസഭായോഗം പരിഗണിക്കുകയും എയ്ഡഡ് പദവി നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയുമുണ്ടായി. 15.05.2015-ലെ ഉത്തരവുപ്രകാരം മാനസിക വൈകല്യമുള്ള കുട്ടികൾ പഠിക്കുന്ന സ്പെഷ്യൽ സ്കൂളിലെ അദ്ധ്യാപക നിയമനം പി.എസ്.സി.

മുഖേനയായിരിക്കണമെന്ന വ്യവസ്ഥ ഭേദഗതി ചെയ്തുകൊണ്ട് പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിൽ നിന്നും സാമൂഹ്യ നീതി ഡയറക്ടറേറ്റിൽ നിന്നുമുള്ള സർക്കാർ നോമിനി, സ്ഥാപനത്തിലെ പ്രധാന അദ്ധ്യാപകൻ, സ്കൂൾ മാനേജർ, സബ്ജക്ട് എക്സ്പേർട്ട് ഇൻ ഡിസബിലിറ്റീസ്, രക്ഷാകർതൃ പ്രതിനിധികൾ എന്നിവർ ഉൾപ്പെടുന്ന സെലക്ഷൻ കമ്മിറ്റി മുഖേന എന്നാക്കി ഉത്തരവായിട്ടുണ്ട്. എയ്ഡഡ് പദവി നൽകേണ്ട സ്പെഷ്യൽ സ്കൂളുകളുടെ അന്തിമ ലിസ്റ്റ് ലഭ്യമാകാത്തതിനാൽ അധിക തസ്തികകൾ, സാമ്പത്തിക ബാദ്ധ്യത എന്നിവ കൃത്യമായി തിട്ടപ്പെടുത്തിയിട്ടില്ല. എയ്ഡഡ് മേഖലയിൽ പ്രവർത്തിക്കുന്ന അന്ധ, ബധിര വിദ്യാലയങ്ങളിലെ നിയമനം പി.എസ്.സി. മുഖേനയല്ല നടത്തുന്നത്. സ്പെഷ്യൽ സ്കൂളുകളിലെ അദ്ധ്യാപകരുടെ യോഗ്യത ഡിഗ്രിയും റീഹാബിലിറ്റേഷൻ കൗൺസിൽ അംഗീകരിച്ച ബി.എഡ്ഡുമാക്കി മാറ്റുമെന്നും തിരുവനന്തപുരം പാങ്ങപ്പാറയിലുള്ള സി.എച്ച്. മുഹമ്മദ്കോയ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റലി ചലഞ്ച്ഡ് എന്ന സ്ഥാപനത്തിൽ അദ്ധ്യാപകർക്ക് പരിശീലനം നൽകുന്നുണ്ടെന്നും പരപ്പനങ്ങാടിയിലും കാസർഗോഡും പുതിയ പരിശീലന കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. നിലവിലുള്ള ജീവനക്കാരെയും അദ്ധ്യാപകരെയും നിലനിർത്താനാവശ്യമായ വ്യവസ്ഥകൾ കൊണ്ടുവരുമെന്നും മാനസികവെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കുവേണ്ടി ഏകീകൃത സിലബസ് SCERT തയ്യാറാക്കിയിട്ടുണ്ടെന്നും 18 വയസ്സിൽ കൂടുതലുള്ള കുട്ടികളെ പ്രത്യേകമായി പുനരധിവസിപ്പിക്കുന്ന കാര്യം സർക്കാരിന്റെ

പരിഗണനയിലാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

10 (*93) <u>കയർ മേഖലയിലെ പ്രതിസന്ധി</u>

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) നൽകിയ മറുപടിയിൽ, കയർ മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിന്റെ ഭാഗമായി തൊണ്ട് സംഭരിച്ച് ചകിരിയാക്കുന്നതിന് ഒരു പുതിയ പദ്ധതിക്കും നാളികേര വികസന ബോർഡുമായുള്ള 102.79 ലക്ഷം രൂപയുടെ പ്രോജക്ടിനും സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. പ്രവർത്തനക്ഷമമായ എല്ലാ സംഘങ്ങൾക്കും റിവൈവൽ പദ്ധതി പ്രകാരം പ്രവർത്തന മൂലധനവും സ്ഥിരമൂലധനവും അനുവദിച്ചിട്ടുണ്ടെന്നും അടിസ്ഥാന സൗകര്യ വികസന പദ്ധതി പ്രകാരം സംഘങ്ങൾക്ക് ധനസഹായം നൽകിവരുന്നുണ്ടെന്നും മന്ത്രി വ്യക്തമാക്കി. സംഘങ്ങളിൽ സ്റ്റോക്കുള്ളതും ഉൽപ്പാദിപ്പിക്കുന്നതുമായ കയർ കയർഫെഡ് സംഭരിച്ചുവരുന്നു. കയർഫെഡ് സംഘങ്ങൾക്ക് നൽകാനുണ്ടായിരുന്ന 6.5 കോടി രൂപ നൽകുകയും കയർ തൊഴിലാളികൾക്ക് കടാശ്വാസ പദ്ധതിയിൻ കീഴിൽ 6 മാസത്തെ മൊറട്ടോറിയം പ്രഖ്യാപിച്ച് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. പ്രവർത്തിക്കുന്ന സംഘങ്ങൾക്ക് ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും കൂടുതൽ തൊഴിലാളികൾക്ക് തൊഴിൽ നൽകുന്നതിനാവശ്യമായ പ്രവർത്തന മൂലധനം

നൽകുന്നതിനുമുള്ള പ്രൊപ്പോസലും കയർ സംഘം ജീവനക്കാർക്ക് പെൻഷൻ പദ്ധതി നടപ്പാക്കണമെന്ന ആവശ്യവും പരിശോധിച്ചു വരികയാണെന്നും കയർപിരി മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ കൂലി 300 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ടെന്നും 54 കോടി രൂപ ഇൻകം സപ്പോർട്ട് സ്കീമിലൂടെ തൊഴിലാളികളുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ട് ട്രാൻസ്ഫർ ചെയ്യാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടെന്നും കയർ മേഖലയിൽ കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കാൻ സാധിച്ചിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 1074 മുതൽ 1471 വരെയുള്ള ചോദ്യങ്ങളിൽ 79 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)